**May : 30 / 2023**

# <u>ജോയിന്റ് ഫോറം ബുള്ളറ്റിൻ</u>

സഖാക്കളെ,

ജോയിന്റ് ഫോറം പ്രതിനിധികളുമായി HR വിംഗ് ചുമതലയുള്ള GM ന്റെ നേതൃത്വത്തിൽ ഇന്ന് യോഗം ചേർന്നു. ജോയിന്റ് ഫോറം പ്രക്ഷോഭത്തിന്റെ ഭാഗമായി റിക്രൂട്ട്മെന്റ് നടപടികൾ ജനുവരി മാസം കിക്ക് സ്റ്റാർട്ട് ചെയ്യും എന്നും BC നിയമനത്തിൽ നിയമവിരുദ്ധമായി ഒന്നും ചെയ്യില്ല എന്നും താൽക്കാലിക ജീവനക്കാരുടെ വിഷയം ബോർഡിൽ വീണ്ടും അവതരിപ്പിക്കും എന്നുമാണ് എഗ്രിമെന്റ് ഉണ്ടാക്കിയിരുന്നത്.

അതനുസരിച്ച് റിക്രൂട്ട്മെന്റ് നടത്താൻ ബാങ്ക് തീരുമാനിച്ച വിവരം നമ്മെ അറിയിച്ചിട്ടുണ്ട്. അത് പ്രകാരം Scale II തസ്തികയിലേക്ക് 15 സ്പെഷ്യലിസ്റ്റ് വേക്കൻസിയും Scale 1 തസ്തികയിലേക്ക് 155 വേക്കൻസിയും OAST തസ്തികയിലേക്ക് 430 വേക്കൻസിയും കഴിഞ്ഞ ദിവസം ചേർന്ന ബോർഡ് മീറ്റിംഗ് അംഗീകരിച്ചു. ഇത് പ്രകാരമുള്ള വേക്കൻസി IBPS ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ OATD തസ്തികയിലേക്ക് വേക്കൻസി പ്രഖ്യാപിക്കാൻ നിലവിൽ ബാങ്ക് മാനേജ്മെന്റ് തയ്യാറായിട്ടില്ല. അതിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടു. 591 വേക്കൻസി ഉണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്.

മിത്രാ കമ്മിറ്റി അനുശാസിക്കുന്നത് പ്രകാരമുള്ള വേക്കൻസി പ്രഖ്യാപിക്കാൻ തയ്യാറായിട്ടില്ല എങ്കിലും റിക്രൂട്ട്മെന്റ് നടത്താൻ തയ്യാറാവാത്ത ബാങ്ക് മാനേജ്മെന്റിനെക്കൊണ്ട് ഇത്രയും മെച്ചപ്പെട്ട വേക്കൻസി പ്രഖ്യാപിപ്പിക്കാൻ സാധിച്ചത് വലിയൊരു വിജയമായാണ് നാം കാണുന്നത്.

തീർച്ചയായും വരും നാളുകളിൽ നമ്മുടെ പൂർണ്ണമായ ആവശ്യങ്ങൾ അംഗീകരിപ്പിക്കാനുള്ള പ്രക്ഷോഭങ്ങൾ തുടരുക തന്നെ ചെയ്യും.

വിശദ വിവരങ്ങൾ പിന്നീട് അറിയിക്കും.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)